**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3437** **08-10-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ യഥാസമയം അംഗീകരിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 11, കെ.ഇ.ആർ. അധ്യായം XIV A ചട്ടങ്ങൾ 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർ ആണ് നടത്തുന്നത്. കെ.ഇ.ആർ. XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാ നിയമനങ്ങളും അംഗീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് യഥാസമയം സർക്കാരും വകുപ്പും ഉചിതമായ നിർദേശങ്ങൾ നൽകുകയും, അപ്രകാരമുള്ള നിയമനങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാലും ആയത് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാരും വകുപ്പും പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | എയ്ഡഡ് സ്കൂളുകളിലെ നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത കാലയളവിലെ ആനുകൂല്യത്തിന്മേൽ 12 ശതമാനം പലിശ ഈടാക്കി ബന്ധപ്പെട്ടവർക്ക് നൽകാൻ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാരും വകുപ്പും പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ